
07
2024
ജൂൺ
വെള്ളി
ഇടവം 24

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391




തിരുവനന്തപുരം Thiruvananthapuram web: www. nauticaltimesmedia.com Volume-5, Issue No.199 Page 4, Price: Rs. 2 പുസ്തകം-5 ലക്കം-199 പേജ് 4. വില 2.00 രൂപ

02 പുതിയ എംപിമാരിൽ 46 ശതമാനം പേരും ക്രിമിനൽകേസ് പ്രതികൾ

03 ആലപ്പുഴ മെഡിക്കൽ കോളജിൽ നവജാത ശിശു മരിച്ചു

04 വലിയതുറ യുപി സ്കൂളിന് പുതുജന്മം

# സഖ്യകക്ഷികളെ ഒതുക്കി പ്രധാന വകുപ്പുകൾ വിട്ടുകൊടുക്കില്ല

ന്യൂഡൽഹി: മൂന്നാം എൻ.ഡി.എ. സർക്കാർ രൂപവത്കരണത്തിൽ മന്ത്രിസ്ഥാനങ്ങൾക്കായി വിലപേശൽ നടക്കുമ്പോഴും പ്രധാന വകുപ്പുകൾ ബി.ജെ.പി. വിട്ടുനൽകിയേക്കില്ലെന്ന് സൂചന. പ്രതിരോധം, ധനം, ആഭ്യന്തരം, വിദേശകാര്യം എന്നീ വകുപ്പുകളിൽ ബി.ജെ.പി. വിട്ടുവീഴ്ചകൾക്ക് തയ്യാറായേക്കില്ല. സ്പീക്കർ പദവിക്കായുള്ള സഖ്യകക്ഷികളുടെ ആവശ്യവും ബി.ജെ.പി. അംഗീകരിച്ചേക്കില്ല.



16 എം.പിമാരുള്ള ചന്ദ്രബാബു നായിഡുവിന്റെ ടി.ഡി.പിയും 12 പ്രതിനിധികളുള്ള നിതീഷ് കുമാറിന്റെ ജെ.ഡി.യുവും സ്പീക്കർ സ്ഥാനം ആവശ്യപ്പെട്ടുവെന്ന് റിപ്പോർട്ടുകളുണ്ടായിരുന്നു. ബി.ജെ.പി. വലിയ ഒറ്റകക്ഷിയായിരുന്ന 2014ലും 2019ലും സഖ്യകക്ഷികൾക്ക് പ്രധാനവകുപ്പുകൾ ഒന്നും നൽകിയിരുന്നില്ല. എന്നാൽ, കേവലഭൂരിപക്ഷം കടക്കാൻ സഖ്യകക്ഷികളെ കൂട്ടുപിടിക്കേണ്ടിവരുന്ന ഇത്തവണ കാര്യങ്ങൾ അങ്ങനെയായേക്കില്ല.

ഘടകകക്ഷികളെ ഒപ്പം നിർത്താൻ അവരുടെ ആവശ്യങ്ങളും പരിഗണിക്കേണ്ടിവരുന്നതിനാൽ മൂന്നാം മോദി സർക്കാരിൽ ബി.ജെ.പി. മന്ത്രിമാരുടെ എണ്ണം കുറയ്ക്കേണ്ടിവരും. എന്നിരുന്നാലും പ്രധാനവകുപ്പുകളിൽ വിട്ടുവീഴ്ച വേണ്ടെന്ന തരത്തിലാണ് ചർച്ചകൾ പുരോഗമിക്കുന്നത്.

പ്രധാനവകുപ്പുകൾക്ക് ദരിദ്ര സ്ത്രീ യുവ വോട്ടർമാരെ ലക്ഷ്യമിട്ട് പദ്ധതികൾ നടപ്പാക്കേണ്ട അടിസ്ഥാന സൗകര്യ വികസനം, ക്ഷേമം, യുവജനകാര്യം, കൃഷി എന്നിവയുമായി ബന്ധപ്പെട്ട് കിടക്കുന്ന വകുപ്പുകൾ ബി.ജെ.പി. കൈവശം വെക്കാനാണ് സാധ്യത.

ഒന്നും രണ്ടും മോദി സർക്കാർ റെയിൽവേ, റോഡ് ഗതാഗത രംഗത്ത് വലിയ മാറ്റങ്ങൾക്ക് പദ്ധതിയിട്ടിരുന്നു. ഇതിനെ പിന്നോട്ടുവലിക്കുന്ന സാഹചര്യം പുതിയ മന്ത്രിസഭയുടെ കാലത്ത് ഉണ്ടാവരുതെന്ന് ബി.ജെ.പിക്ക് താത്പര്യമുണ്ട്.

പഞ്ചായത്തീരാജ്, ഗ്രാമീണ വികസന വകുപ്പുകൾ ജെ.ഡി.യുവിനും വ്യോമയാന സീറ്റീൽ വകുപ്പുകൾ ടി.ഡി.പിക്കും നൽകാൻ നിലവിൽ ബി.ജെ.പി. സന്നദ്ധമാണെന്നാണ് വിവരം. ഹെവി ഇൻഡസ്ട്രീസ് വകുപ്പ് ശിവസേനയ്ക്കും നൽകിയേക്കും.

ധനം പ്രതിരോധം വകുപ്പുകളിൽ സഹമന്ത്രിസ്ഥാനവും നൽകാമെന്നാണ് ധാരണ. ടൂറിസം, എം.എസ്.എം.ഇ, നൈപുണ്യ വികസനം, ശാസ്ത്ര സാങ്കേതികം, എർത്ത് സയൻസ്, സാമൂഹിക നീതി വകുപ്പുകളും സഖ്യകക്ഷികൾക്ക് നൽകാൻ തയ്യാറായേക്കും. സ്പീക്കർ പദവി എന്ന ആവശ്യത്തിൽ ചന്ദ്രബാബു നായിഡു ഉറച്ചു നിന്നാൽ ഡെപ്യൂട്ടി സ്പീക്കർ പദവി നൽകി തൃപ്തിപ്പെടുത്താനും നീക്കമുണ്ട്.



# പട്ടം എസ് യു ടി ആശുപത്രിയിൽ 'സുഗതവന' പദ്ധതിക്ക് തുടക്കം കുറിച്ചു

തിരുവനന്തപുരം: പട്ടം എസ് യു ടി ആശുപത്രിയിൽ സുഗതകുമാരി നവതി ആഘോഷസമിതിയുടെ ആഭിമുഖ്യത്തിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് 'സുഗതവന' പദ്ധതിക്ക് തുടക്കം കുറിച്ചു. ആശുപത്രി പരിസരത്ത് നക്ഷത്രവന വൃക്ഷങ്ങൾ നട്ടുകൊണ്ടാണ് പദ്ധതി സമാരംഭിച്ചത്. എസ് യു ടി ഈ പദ്ധതി ഏറ്റെടുത്ത് പരിപാടിക്ക് 'സുഗതനക്ഷത്ര ഉദ്യാനം' എന്ന് നാമകരണം ചെയ്യുകയാണുണ്ടായത്. മുൻ കേന്ദ്ര ക്യാബിനറ്റ് സെക്രട്ടറി ടി. കെ. എ. നായർ സുഗതകുമാരിയുടെ ജന്മനക്ഷത്ര വൃക്ഷമായ 'കാഞ്ഞിരത്തൈ' നട്ടുകൊണ്ട് ഉദ്ഘാടനം നിർവ്വഹിച്ചു. ആശുപത്രിയുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കേണൽ രാജീവ് മണ്ണാളി അധ്യക്ഷത വഹിച്ച ചടങ്ങിൽ ശ്രീ. കുമ്മനം രാജശേഖരൻ (മുൻ മിസോറാം ഗവർണർ), ഡോ.ലക്ഷ്മി (സുഗതകുമാരി ടീച്ചറുടെ മകൾ), ഡോ.ജോർജ്ജ് ഓണക്കൂർ (പ്രശസ്ത സാഹിത്യകാരൻ), ജി. ശങ്കർ (ആർക്കിടെക്റ്റ്), രഞ്ജിത്ത് കാർത്തികേയൻ ചാർട്ടേഡ് അക്കൗണ്ടന്റ്), ആശുപത്രിയുടെ മെഡിക്കൽ സൂപ്രണ്ട് ഡോ. രാജശേഖരൻ നായർ, ഡോ. ഉണ്ണികൃഷ്ണൻ (സീനിയർ വാസ്കുലർ സർജൻ), ചീഫ് ലയ്സൺ ഓഫീസർ രാധാകൃഷ്ണൻ നായർ തുടങ്ങിയ പ്രമുഖർ പങ്കെടുത്തു. പുതുതലമുറയിൽ പരിസ്ഥിതി ദിനത്തിന്റെ പ്രാധാന്യത്തെപ്പറ്റി അവബോധം സൃഷ്ടിക്കുന്നതിനായി 'അമ്മു' എന്ന ഹ്രസ്വചിത്രം സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പ്രദർശിപ്പിക്കുമെന്ന് ശ്രീ. കുമ്മനം രാജശേഖരൻ പറയുകയുണ്ടായി. സുഗതകുമാരി നവതി ആഘോഷത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പൊതുസ്ഥലങ്ങൾ തുടങ്ങിയ ഇടങ്ങളിൽ സംസ്ഥാനത്തൊട്ടാകെ 'സുഗത വനങ്ങൾ' വെച്ചുപിടിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി തയ്യാറാക്കിയിട്ടുള്ളത്. ഈ പദ്ധതിയുടെ സമാരംഭമാണ് ഇന്നത്തെ പരിപാടിയിലൂടെ എസ് യു ടി യിൽ നടന്നത്.

# ബിജെപി എംപിമാർ ഡൽഹിയിലേക്ക്; സത്യപ്രതിജ്ഞ ഞായറാഴ്ച

ന്യൂഡൽഹി: നരേന്ദ്ര മോദിയുടെ നേതൃത്വത്തിലുള്ള മൂന്നാം എൻഡിഎ സർക്കാർ ഞായറാഴ്ച സത്യപ്രതിജ്ഞ ചെയ്ത് അധികാരമേൽക്കുമെന്ന് സൂചന.

മന്ത്രിമാരെ തീരുമാനിക്കുന്നതിനായി ബിജെപി നേതാക്കളായ അമിത് ഷായും രാജ്നാഥ് സിംഗും പാർട്ടി അധ്യക്ഷൻ ജെ. പി. നദ്ദയുടെ വീട്ടിൽ യോഗം ചേർന്നു. വെള്ളിയാഴ്ച ഡൽഹിയിൽ ചേരുന്ന യോഗത്തിലേക്ക് എല്ലാ പാർട്ടി എംപിമാരോടും മുഖ്യമന്ത്രിമാരോടും എത്തിച്ചേരാൻ ബിജെപി ആവശ്യപ്പെട്ടിട്ടുണ്ട്.

ഈ യോഗത്തിൽ മോദിയെ പാർലമെൻററി നേതാവായി തെരഞ്ഞെടുക്കും. തുടർന്ന് മോദിയും സഖ്യകക്ഷി നേതാക്കളും രാഷ്ട്രപതി ദ്രൗപദി മുർമുവിനെക്കണ്ട് സർക്കാർ രൂപീകരിക്കാനുള്ള അവകാശവാദം ഉന്നയിക്കും.






# ഐടി കമ്പനിയും എൻജിഒയും കൈകോർത്തു: സ്ഥിരം ദുരിതാശ്വാസക്യാമ്പായി മാറിയ വലിയതുറ യുപി സ്കൂളിന് പുതുജന്മം

തിരുവനന്തപുരം: തിരുവനന്തപുരം ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഗോള വാഹനസോഫ്ട്!വെയർ, ഇൻഫോർറ്റൈന്മെന്റ്, ഇമൊബിലിറ്റി സിസ്റ്റം നിർമാതാക്കളായ ആക്സിയ ടെക്നോളജീസ് കമ്പനിയും കനൽ ഇന്നോവേഷൻസ് ചാരിറ്റബിൾ ട്രസ്റ്റ് സംഘടനയും കൈകോർത്തപ്പോൾ യാഥാർഥ്യമായത് ഒരു നാടിന്റെ മുഴുവൻ സ്വപ്നം

തിരുവനന്തപുരം, ജൂൺ 06, 2024: 2018ലെ ഓഖി ദുരന്തമുഖത്ത് തിരുവനന്തപുരത്തെ തീരദേശവാസികൾക്ക് ആശ്രയമായി മാറിയ ഇടമാണ് വലിയതുറ ഗവണ്മെന്റ് യുപി സ്കൂൾ. പിന്നീട് കടൽ രൂക്ഷഭാവമെടുത്തപ്പോഴെല്ലാം വീണ്ടും വീണ്ടും ഈ സ്കൂൾ പരിസരം സുരക്ഷയും തണലുമായി നിലകൊണ്ടു. എന്നാൽ നിരന്തരം ദുരിതാശ്വാസ ക്യാമ്പായി പ്രവർത്തിച്ചതിന്റെ ക്ഷീണത്താൽ സ്കൂളിനതിന്റെ യഥാർത്ഥ രൂപം നഷ്ടമായി. വൈകാതെ ക്ലാസ്സ്മുറികൾ അനാഥമായി. അവിടെ നിറഞ്ഞിരുന്ന കളിചിരികൾക്ക് തിളക്കം മങ്ങി. ഈ അധ്യായനവർഷത്തിന്റെ തുടക്കവും ആരവങ്ങളില്ലാതെ പതിവുപോലെ കടന്നുപോകുമെന്നാണ് എല്ലാവരും കരുതിയിരുന്നത്. ആ സമയത്താണ് തിരുവനന്തപുരത്തെ ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ആഗോള വാഹന സോഫ്ട്!വെയർ നിർമാതാക്കളായ ആക്സിയ ടെക്നോളജീസ്, കനൽ ഇന്നോവേഷൻസ് ചാരിറ്റബിൾ ട്രസ്റ്റ് എന്ന എൻജിഒയുമായി കൈകോർത്ത് ഈ സ്കൂളിന്റെ മുഖംമാറ്റാൻ തീരുമാനിച്ചത്. 'ഗിഫ്റ്റ് എ ഡ്രീം' അഥവാ 'ഒരു സ്വപ്നം സമ്മാനിക്കാം' എന്നായിരുന്നു അവർ പദ്ധതിക്കിട്ട പേര്.

ഇക്കൊല്ലം ജൂൺ 3 മറ്റ് സ്കൂളുകൾക്ക് ഒരു സാധാരണ പ്രവേശനോത്സവം മാത്രമായിരുന്നെങ്കിൽ, വലിയതുറ യുപി സ്കൂളിന് അക്ഷരാർത്ഥത്തിൽ ഒരു പുതുപ്പിറവി തന്നെയായിരുന്നു. സ്കൂളിന്റെ തിരിച്ചുവരവിന്റെ ആദ്യദിനമെന്ന നിലയിൽ നാട്ടുകാരും അധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് കാര്യമായി തന്നെ പ്രവേശനോത്സവം ആഘോഷമാക്കി മാറ്റി. സ്കൂളിൽ ഒരു സ്മാർട്ട് സെമിനാർ ഹാളും മിനി ലൈബ്രറിയും ഉദ്ഘാടനം ചെയ്തു. തിരുവനന്തപുരം അസിസ്റ്റന്റ് കളക്ടർ സാക്ഷി മോഹൻ ഐഎഎസ് പ്രവേശനോത്സവം ഉദ്ഘാടനം ചെയ്ത ശേഷം സെമിനാർ ഹാളിന്റെ താക്കോൽ സ്കൂൾ അധികൃതർക്ക് കൈമാറി. ആക്സിയ ടെക്നോളജീസ് സ്ഥാപക സിഇഒ



ആക്സിയ ടെക്നോളജീസ് സിഇഒ ജിജിമോൻ ചന്ദ്രൻ വലിയതുറ ഗവണ്മെന്റ് യുപി സ്കൂളിലെ വിദ്യാർഥികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്യുന്നു. വള്ളക്കടവ് വാർഡ് കൗൺസിലർ ഷാജിത നാസർ,തിരുവനന്തപുരം അസിസ്റ്റന്റ് കളക്ടർ സാക്ഷി മോഹൻ ഐഎഎസ്, പ്രശസ്ത എഴുത്തുകാരി ഖൈറുന്നിസ എ, വലിയതുറ ഗവ. യു.പി. സ്കൂൾ ഹെഡ്മാസ്റ്റർ ബിജു കുമാർ എന്നിവർ സമീപം (ഇടത്തുനിന്ന് വലത്തേക്ക്)

മൊ

ജിജിമോൻ ചന്ദ്രൻ വിദ്യാർത്ഥികൾക്ക് സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു. എല്ലാ കുട്ടികൾക്കും ആവശ്യമായ പഠനസാമഗ്രികൾ അടങ്ങിയ ബാഗാണ് നൽകിയത്.ഇനിമുതൽ വലിയതുറ യുപി സ്കൂൾ വെറും കെട്ടിടം മാത്രമല്ലെന്നും കുട്ടികളുടെ സ്വപ്നങ്ങളും ആഗ്രഹങ്ങളും രൂപമെടുക്കുന്ന ഇടമാണെന്നും സാക്ഷി മാലിക് ഐഎഎസ് പറഞ്ഞു. എല്ലാവരും ഒരുമിച്ചുകൂടി മറ്റുള്ളവരുടെ നേട്ടങ്ങൾ ആഘോഷിക്കുന്ന സ്ഥലമായി കമ്മ്യൂണിറ്റി ഹാൾ മാറും. പുസ്തകങ്ങളിലേക്ക് ആഴ്ന്നിറങ്ങാനും ജീവിതകാലം മുഴുവൻ പഠിക്കാനുള്ള ഊർജം കണ്ടെത്താനുള്ള ഇടമായി ലൈബ്രറി മാറുമെന്നും അസിസ്റ്റന്റ് കളക്ടർ പ്രത്യാശ പ്രകടിപ്പിച്ചു. ആക്സിയ ടെക്നോളജീസിന്റെയും കനൽ സംഘടനയുടെയും പിന്തുണയില്ലാതെ ഈ മാറ്റങ്ങൾ സാധ്യമാകുമായിരുന്നില്ലെന്നും അവർ കൂട്ടിച്ചേർത്തു.കഴിഞ്ഞ അഞ്ച് വർഷത്തിനിടെ തീരദേശത്തെ 120 ഓളം കുടുംബങ്ങൾക്ക് ദുരന്തമുഖത്ത് അഭയമായി മാറിയ ഇടമാണ് വലിയതുറ യുപി സ്കൂൾ. ഇവിടം സ്ഥിരം ദുരിതാശ്വാസക്യാമ്പായി മാറിയതോടെ നാട്ടുകാർ അവരുടെ കുട്ടികളെ മറ്റ് സ്കൂളുകളിലേക്ക് അയക്കാൻ തുടങ്ങി. പണ്ട് ഇരുന്നൂറിലേറെ കുട്ടികൾ പഠിച്ചിരുന്ന ഈ സ്കൂൾ ക്രമേണ ഒറ്റപ്പെട്ടു. ക്ളാസ്റൂമുകൾ ഉപേക്ഷിക്കപ്പെട്ട നിലയിലായിരുന്നു. പരിസരമാകെ കാടുപിടിച്ചും മാലിന്യകൂമ്പാരമായും ഉപയോഗശൂന്യമായിരുന്നു.

സാമൂഹികബോധമുള്ള നാട്ടുകാർ പൂർണപിന്തുണയുമായി കൂടെ നിന്നതുകൊണ്ടാണ് ആക്സിയ ടെക്നോളജീസിന് വലിയതുറ യുപി സ്കൂളിൽ വലിയ മാറ്റങ്ങളുണ്ടാക്കാൻ സാധിച്ചതെന്ന് ജിജിമോൻ ചന്ദ്രൻ പറഞ്ഞു. കമ്പനിയുടെ സാമൂഹിക ഉത്തരവാദിത്വ പദ്ധതിയുടെ ഭാഗമായിട്ടായിരുന്നു പ്രവർത്തനങ്ങൾ. ഇനിയും വിദ്യാഭ്യാസസംബന്ധമായ സുസ്ഥിര പദ്ധതികൾ ഏറ്റെടുക്കാൻ കമ്പനി സജ്ജമാണെന്ന് സിഇഒ പറഞ്ഞു.

കഴിഞ്ഞ വർഷം വെറും 30 കുട്ടികൾ മാത്രം ഉണ്ടായിരുന്നിടത്ത് ഇത്തവണ 100 നടുത്ത് കുട്ടികൾ അഡ്മിഷൻ എടുത്തിരിക്കുകയാണ്. സ്കൂൾ പരിസരത്ത് കുമിഞ്ഞുകൂടിയിരുന്ന മാലിന്യങ്ങൾ നീക്കം ചെയ്തു. കാടുവെട്ടിത്തെളിച്ച് വൃത്തിയാക്കി. ആക്സിയയും കനൽ എന്ന സംഘടനയും ചേർന്നാണ് സെമിനാർ ഹാളും ലൈബ്രറിയും യാഥാർഥ്യമാക്കിയത്. എല്ലാ കുട്ടികൾക്കും പ്രവേശനോത്സവം ഒരുപോലെ ഹൃദ്യമായ ഒരനുഭവമാക്കി മാറ്റാൻ പഠനസാമഗ്രികൾ അടങ്ങിയ സ്കൂൾ കിറ്റുകൾ വിതരണം ചെയ്തു.

പ്രതീക്ഷയുടെയും അർപ്പണത്തിന്റെയും പ്രതീകമാണ് ഈ സ്കൂളിന്റെ തിരിച്ചുവരവെന്ന് കനലിന്റെ ഡയറക്ടർ അഡ്വ. ആൻസൺ പി.ഡി. പറഞ്ഞു. എല്ലാവർക്കും പഠിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമങ്ങൾ ഇനിയും തുടരുമെന്ന് അദ്ദേഹം വ്യക്തമാക്കി.

ആക്സിയയുടെയും കനലിന്റെയും കൂട്ടായ പ്രവർത്തനത്തിലൂടെ ഒരു സ്കൂളിനെ മാത്രമല്ല, ഈ പ്രദേശത്തെ നിരവധി കുടുംബങ്ങളുടെയും കുട്ടികളുടെയും സ്വപ്നങ്ങളും ആഗ്രഹങ്ങളും കൂടിയാണ് വീണ്ടെടുത്തത്.വള്ളക്കടവ് വാർഡ് കൗൺസിലർ ഷാജിത നാസർ, സ്കൂളിന്റെ ഹെഡ് മാസ്റ്റർ ബിജു കുമാർ, പ്രശസ്ത എഴുത്തുകാരി ഖൈറുന്നിസ, അധ്യാപകർ, രക്ഷിതാക്കൾ, വിദ്യാർഥികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# ദക്ഷിണ കന്നഡയിലും ഉഡുപ്പിയിലും നോട്ട വോട്ടുകളിൽ വർധന

മംഗളൂരു: ദക്ഷിണ കന്നഡ, ഉഡുപ്പിചിക്കമംഗളൂരു മണ്ഡലങ്ങളിൽ നോട്ട വോട്ടുകളിൽ ഗണ്യമായ വർധന. ബിജെപിയിലെ ക്യാപ്റ്റൻ ബ്രിജേഷ് ചൗട്ട വിജയിച്ച ദക്ഷിണ കന്നഡ മണ്ഡലത്തിൽ മാത്രം 23576 വോട്ടുകളാണ് നോട്ടയ്ക്ക് ലഭിച്ചത്. ബിജെപിയിലെ തന്നെ കോട്ട ശ്രീനിവാസ പൂജാരി ജയിച്ച ഉഡുപ്പിചിക്കമംഗളൂരുവിൽ 11269 വോട്ടുകൾ നോട്ടയ്ക്ക് കിട്ടി. രണ്ടിടങ്ങളിലും ബിജെപിക്കും കോൺഗ്രസിനും തൊട്ടുപിറകിൽ മൂന്നാംസ്ഥാനത്തുള്ളത് നോട്ടയാണ്.

ദക്ഷിണ കന്നഡയിൽ ഉൾപ്പെടുന്ന ബെൽത്തങ്ങാടി നിയമസഭാ മണ്ഡലത്തിൽ മാത്രം 7691 വോട്ടുകളാണ് നോട്ടയ്ക്ക് ലഭിച്ചത്. സുള്ള്യയിൽ 4541, ബണ്ട്വാളിൽ 2353, പുത്തൂരിൽ 2302, മൂഡബിദ്രിയിൽ 2166, മംഗളൂരു നോർത്തിൽ 2019, സൗത്തിൽ 1551, മംഗളൂരുവിൽ 892 എന്നിങ്ങനെയാണ് മറ്റു മണ്ഡലങ്ങളിലെ നോട്ടയുടെ വോട്ടുനില. തപാൽ വോട്ടുകളിലും 61 എണ്ണം നോട്ടയ്ക്കാണ് ലഭിച്ചത്.

മുഖ്യധാരാ പാർട്ടികളായ ബിജെപിയോടും കോൺഗ്രസിനോടുമുള്ള പ്രതിഷേധസൂചകമായി നോട്ടയ്ക്ക് വോട്ടുചെയ്യാനുള്ള പരസ്യപ്രചാരണം സമീപകാലത്തെ എല്ലാ തെരഞ്ഞെടുപ്പുകളിലും ഈ മണ്ഡലങ്ങളിൽ നടന്നിരുന്നു. 2012 ൽ ധർമസ്ഥലയ്ക്ക് സമീപത്തുവച്ച് സൗജന്യ എന്ന വിദ്യാർഥിനി കൊലചെയ്യപ്പെട്ട സംഭവത്തെത്തുടർന്നാണ് ഈ പ്രചാരണം തുടങ്ങിയത്.

ധർമസ്ഥല മഠവുമായി ബന്ധമുള്ള ചിലർ കേസിൽ ആരോപണ വിധേയരായിരുന്നു. രാഷ്ട്രീയവും സാമുദായികവുമായ സ്വാധീനമുള്ള ഇവരെ രക്ഷിക്കാൻ ബിജെപിയും കോൺഗ്രസും ഒത്തുകളിച്ചെന്നും സൗജന്യയുടെ കുടുംബത്തിന് നീതി ലഭിക്കാൻ ശ്രമം നടത്തിയില്ലെന്നും ആരോപിച്ച് നാട്ടുകാർ രൂപീകരിച്ച കർമസമിതിയുടെ നേതൃത്വത്തിലാണ് നോട്ടയ്ക്ക് വോട്ടുചെയ്യാൻ പ്രചാരണം നടത്തിയത്.തുടർന്ന് 2014 ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ ബൽത്തങ്ങാടിയിൽ നോട്ടയ്ക്ക് 7109 വോട്ടും 2019 ലെ തെരഞ്ഞെടുപ്പിൽ 7380 വോട്ടും ലഭിച്ചിരുന്നു. ഇതോടൊപ്പം മറ്റു പ്രശ്നങ്ങളും ഉയർത്തിക്കൊണ്ട് ഇത്തവണയും നോട്ടയ്ക്ക് വോട്ട് ചെയ്യാൻ സമൂഹമാധ്യമങ്ങളിലൂടെ വൻതോതിൽ പ്രചാരണം നടന്നിരുന്നു.ഉഡുപ്പിചിക്കമംഗളൂരു ലോക്സഭാ മണ്ഡലത്തിൽ ഉൾപ്പെടുന്ന കാർക്കള നിയമസഭാ മണ്ഡലത്തിൽ 2780, ഉഡുപ്പി നിയമസഭാ മണ്ഡലത്തിൽ 1778, കുന്താപുരത്ത് 1578, കാപ്പിൽ 1523, മുടിഗരെയിൽ 1135 എന്നിങ്ങനെയാണ് ഇത്തവണ നോട്ടയ്ക്ക് വോട്ട് ലഭിച്ചത്.

# തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പ് : വോട്ടർപട്ടിക പുതുക്കൽ തുടങ്ങി

തദ്ദേശസ്ഥാപനങ്ങളിലെ വോട്ടർപട്ടികയുടെ സംക്ഷിപ്ത പുതുക്കലിനുള്ള കരട് വോട്ടർപട്ടിക പ്രസിദ്ധീകരിച്ചതായി സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അറിയിച്ചു. അന്തിമ വോട്ടർപട്ടിക ജൂലൈ ഒന്നിന് പ്രസിദ്ധീകരിക്കും.

കരട് വോട്ടർപട്ടിക എല്ലാ തദ്ദേശസ്ഥാപനങ്ങളിലും വില്ലേജ്, താലൂക്ക് ഓഫീസുകളിലും സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ലെര.സല്യമഹമ.ഴീ.ശി വെബ്സൈറ്റിലും പരിശോധനയ്ക്ക് ലഭിക്കും. ജൂൺ 21 വരെ വോട്ടർപട്ടികയിൽ പേര് ചേർക്കാൻ അവസരമുണ്ടാകും. 2024 ജനുവരി ഒന്നിനോ അതിന് മുൻപോ 18 വയസ്സ് പൂർത്തിയായവർക്ക് വോട്ടർപട്ടികയിൽ പേര് ചേർക്കാം. ഉപതിരഞ്ഞെടുപ്പ് നടക്കാനുള്ള 50 വാർഡുകൾ ഉൾപ്പെടെ സംസ്ഥാനത്തെ മുഴുവൻ തദ്ദേശസ്ഥാപനങ്ങളിലെയും വോട്ടർപട്ടികയാണ് പുതുക്കുന്നത്. ഉപതിരഞ്ഞെടുപ്പുള്ള 50 വാർഡുകളിലെ പ്രവാസി ഭാരതീയർക്കും വോട്ടർപട്ടികയിൽ പേരു ചേർക്കാം.വോട്ടർപട്ടികയിൽ പുതുതായി പേരു ചേർക്കുന്നതിനും (ഫാറം 4) അപേക്ഷ, ഉൾക്കുറിപ്പുകൾ തിരുത്തുന്നതിനും (ഫാറം 6), സ്ഥാനമാറ്റം വരുത്തുന്നതിനും (ഫാറം 7) സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷന്റെ ലെര.സല്യമഹമ.ഴീ.ശി വെബ്സൈറ്റിൽ ഓൺലൈനായി അപേക്ഷിക്കണം. അക്ഷയ സെന്റർ തുടങ്ങിയ സർക്കാർ അംഗീകൃത ജനസേവന കേന്ദ്രങ്ങൾ മുഖേനയും അപേക്ഷിക്കാം. ഓൺലൈനായി അപേക്ഷിക്കുമ്പോൾ ഹീയറിംഗിനുള്ള കമ്പ്യൂട്ടർ ജനറേറ്റഡ് നോട്ടീസ് ലഭിക്കും. നോട്ടീസിൽ പറഞ്ഞിട്ടുള്ള തീയതിയിൽ ആവശ്യമായ രേഖകൾ സഹിതം ഹീയറിംഗിന് നേരിട്ട് ഹാജരാകണം.

വോട്ടർപട്ടികയിൽ പേര് ഒഴിവാക്കുന്നത് സംബന്ധിച്ച ആക്ഷേപങ്ങൾ (ഫാറം 5) ഓൺലൈനായി രജിസ്റ്റർ ചെയ്യുകയും അതിന്റെ പ്രിന്റൗട്ടിൽ അപേക്ഷകൻ ഒപ്പിട്ട് നേരിട്ടോ തപാലിലൂടെയോ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർക്ക് സമർപ്പിക്കണം. ഓൺലൈൻ മുഖേന അല്ലാതെയും നിർദ്ദിഷ്ട ഫാറത്തിൽ ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർക്ക് അപേക്ഷിക്കാവുന്നതാണ്.

ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും അതാത് സ്ഥാപനങ്ങളിലെ സെക്രട്ടറിമാരും കോർപ്പറേഷനുകളിൽ അഡീഷണൽ സെക്രട്ടറിയുമാണ് ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർമാർ.

ഇലക്ഷൻ രജിസ്ട്രേഷൻ ഓഫീസർമാർ അപേക്ഷകളിലും ആക്ഷേപങ്ങളിലും സ്വീകരിക്കുന്ന നടപടിക്കെതിരെ ഉത്തരവ് തീയതി മുതൽ 15 ദിവസത്തിനകം തദ്ദേശസ്വയംഭരണവകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർക്ക് അപ്പീൽ നൽകാം.

# കെ.ജി.റ്റി.ഇ പ്രിന്റിംഗ് ടെക്നോളജി കോഴ്സുകളിൽ സീറ്റൊഴിവ്

സാങ്കേതിക വിദ്യാഭ്യാസ വകുപ്പും കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗും സംയുക്തമായി തിരുവനന്തപുരം (0471 2474720, 2467728), എറണാകുളം (04842605322), കോഴിക്കോട് (04952356591, 2723666) എന്നീ ക്രേന്ദങ്ങളിൽ ആരംഭിക്കുന്ന കേരള ഗവൺമെന്റ് അംഗീകാരമുള്ള ഒരു വർഷ കെ.ജി.ടി.ഇ പ്രീപ്രസ്സ്ഓപ്പറേഷൻ, കെ.ജി.ടി.ഇ പ്രസ് വർക്ക്, കെ.ജി.ടി.ഇ പോസ്റ്റ്പ്രസ്സ് ഓപ്പറേഷൻ ആൻഡ് ഫിനിഷിംഗ് 202425 കോഴ്സുകളിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. അപേക്ഷകർ എസ്.എസ്.എൽ.സി അഥവാ തത്തുല്യ യോഗ്യത പാസ്സായിരിക്കണം. പട്ടികജാതി, പട്ടികവർഗ്ഗ, മറ്റർഹ വിഭാഗക്കാർക്ക് നിയമാനുസൃത ഫീസ് ആനുകുല്യം ലഭിക്കും. ഒ.ബി.സി, എസ്.ഇ.ബി.സി, മുന്നാക്ക സമുദായങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർഥികൾക്ക് വരുമാന പരിധിയ്ക്ക് വിധേയമായി ഫീസ് ആനുകൂല്യം ലഭിക്കും.

അപേക്ഷകർ വിദ്യാഭ്യാസ യോഗ്യത, ജാതി, വരുമാനം എന്നിവ തെളിയിക്കുന്ന അസൽ സർട്ടിഫിക്കറ്റുകളും സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും പാസ്സ്പോർട്ട് സൈസ് ഫോട്ടോ സഹിതം അതാത് കോന്ദങ്ങളിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. വിശദ വിവരങ്ങൾക്ക് കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആൻഡ് ട്രെയിനിംഗ്, ട്രെയിനിംഗ് ഡിവിഷൻ, പുന്നപുരം, പടിഞ്ഞാറേകോട്ട, തിരുവനന്തപുരം 695024 ഫോൺ 0471 2474720, 0471 2467728 എന്ന വിലാസത്തിൽ നേരിട്ട് ബന്ധപ്പെടേണ്ടതാണ്. വെബ്സൈറ്റ്: www.c-ap-tk-er-a-l-a.com .

# മത്സ്യകർഷക അവാർഡ്

ഫിഷറീസ് വകുപ്പ് മത്സ്യകർഷക അവാർഡുകൾക്കുള്ള അപേക്ഷ ക്ഷണിച്ചു. മികച്ച ശുദ്ധജല കർഷകൻ, മികച്ച ഓരുജല കർഷകൻ, മികച്ച ചെമ്മീൻ കർഷകൻ, മികച്ച നൂതന മത്സ്യകൃഷി നടപ്പിലാക്കുന്ന കർഷകൻ, മികച്ച അലങ്കാര മത്സ്യകൃഷി യൂണിറ്റ് കർഷകൻ, മികച്ച പിന്നാമ്പുറങ്ങളിലെ മത്സ്യവിത്ത് ഉൽപാദന യൂണിറ്റ് കർഷകൻ, വാണിജ്യാടിസ്ഥാനത്തിൽ മത്സ്യകൃഷി ചെയ്യുന്ന കർഷകൻ, മത്സ്യകൃഷിയുമായി ബന്ധപ്പെട്ട് നൂതന സാങ്കേതിക വിദ്യകൾ വികസിപ്പിച്ചെടുത്ത സ്റ്റാർട്ടപ്പുകൾ എന്നീ ഇനങ്ങളിൽ കർഷകർക്ക് അപേക്ഷ സമർപ്പിക്കാം. താത്പര്യമുള്ളവർ അപേക്ഷകൾ ജൂൺ 15നകം കമലേശ്വരത്തുള്ള ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ (മേഖല) ഓഫീസിലോ മത്സ്യഭവനുകളിലോ സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് 0471 2464076, 2450773

# പുനരധിവാസ പരിശീലനം

വിമുക്തഭടന്മാർക്കും ആശ്രിതർക്കുമായി സൈനിക ക്ഷേമ വകുപ്പും കെൽട്രോൺ... 

# അവസാന തീയതി ദീർഘിപ്പിച്ചു

202425 അധ്യയന വർഷത്തെ എം.ബി.എ പ്രവേശനത്തിനുള്ള കമ്പ്യൂട്ടർ അധിഷ്ഠിത പ്രവേശന പരീക്ഷയായ കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (സെക്ഷൻകക) പ്രവേശന പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 10ന് വൈകിട്ട് ആറു വരെയായി ദീർഘിപ്പിച്ചു.

യോഗ്യരായ വിദ്യാർഥികൾ പ്രവേശന പരീക്ഷാ കമ്മീഷണറുടെ ംംം.രലല.സല്യമഹമ.ഴീ.ശി എന്ന വെബ്സൈറ്റ് വഴി അപേക്ഷ സമർപ്പിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ ജൂൺ 30 ന് പ്രസിദ്ധീകരിച്ച വിജ്ഞാപനം കാണുക. ഹെൽപ് ലൈൻ നമ്പർ : 0471 2525300.

# ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചു

യുവജന കമ്മീഷൻ ഓഫീസിൽ നിലവിൽ ഒഴിവുള്ള ഡ്രൈവർ കം ഓഫീസ് അറ്റന്റന്റ് തസ്തികയിലേയ്ക്ക് കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. കോൺട്രാക്ട് ജീവനക്കാരുടെ നിയമനം സംബന്ധിച്ച സർക്കാർ ചട്ടങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമായി പരമാവധി ഒരു വർഷത്തേക്കാണ് പ്രസ്തുത നിയമനം.

നിയമനം ലഭിക്കുന്നയാൾക്ക് അനുവദനീയമായ വേതനം സർക്കാർ നിശ്ചയിച്ചിട്ടുള്ള നിരക്കിൽ നൽകുന്നതാണ്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർത്ഥികൾ 2024 ജൂൺ 13ന് മുമ്പായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷകർക്കായി അഭിമുഖവും പ്രായോഗിക പരിജ്ഞാനത്തിനുള്ള ടെസ്റ്റും നടത്തപ്പെടുന്നതാണ്.യോഗ്യതകൾ: പത്താം ക്ലാസ്/ തത്തുല്യമായ യോഗ്യത, ഡ്രൈവിംഗ് ലൈസൻസ്. അപേക്ഷ അയക്കേണ്ട വിലാസം: സെക്രട്ടറി, കേരള സംസ്ഥാന യുവജന കമ്മീഷൻ, വികാസ്ഭവൻ, പി.എം.ജി. തിരുവനന്തപുരം 695033. ഇമെയിൽ : keralayouthcommission@gmail.com

# പലസ്തീനെ അംഗീകരിച്ച് സ്ലൊവേനിയ

യുബ്ലിജാന: പലസ്തീനെ സ്വതന്ത്ര പരമാധികാര രാജ്യമായി അംഗീകരിച്ച് സ്ലൊവേനിയ. പാർലമെന്റിലെ വോട്ടെടുപ്പിനൊടുവിലാണ് സ്ലോവേനിയ പലസ്തീനെ അംഗീകരിച്ചത്. ഇതോടെ യൂറോപ്പിൽ നിന്നും പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുന്ന നാലാമത്തെ രാജ്യമായി സ്ലോവേനിയ മാറി. നേരത്തെ സ്?പെയിൻ, നോർവെ, അയർലാൻഡ് തുടങ്ങിയ രാജ്യങ്ങൾ പലസ്തീനെ അംഗീകരിച്ചിരുന്നു. സ്ലോവേനിയൻ പ്രധാനമന്ത്രി റോബർട്ട് ഗോലുബ് 1967ലെ അതിർത്തികൾ മുൻനിർത്തി സ്വതന്ത്ര പലസ്തീനെ അംഗീകരിക്കാൻ പോവുകയാണെന്ന് നേരത്തെ വ്യക്തമാക്കിയിരുന്നു. ഇതിന് പിന്നാലെയാണ് പാർലമെന്റിൽ വോട്ടെടുപ്പ് നടന്നത്. നിലവിൽ 148 രാജ്യങ്ങൾ പലസ്തീനെ രാഷ്ട്രമായി അംഗീകരിച്ചിട്ടുണ്ട്. യുഎന്നിലെ മൂന്നിൽ രണ്ട് രാജ്യങ്ങളും ഇപ്പോൾ പലസ്തീനെ അംഗീകരിക്കുന്നുണ്ട്. 1967ലെ അതിർത്തികൾ മുൻനിർത്തി പലസ്തീൻ രാഷ്ട്രത്തെ അംഗീകരിക്കുകയാണെന്നാണ് സ്?പെയിൻ പ്രധാനമന്ത്രി പെ?ഡ്രോ സാഞ്ചസ് പറഞ്ഞത്. മേഖലയിൽ ശാശ്വതമായ സമാധാനം കൊണ്ടുവരാൻ സ്വതന്ത്ര പലസ്തീന് കഴിയുമെന്നും സാഞ്ചസ് പറഞ്ഞിരുന്നു.

# ആലപ്പുഴ മെഡിക്കൽ കോളജിൽ നവജാത ശിശു മരിച്ചു

അമ്പലപ്പുഴ: ആലപ്പുഴ മെഡിക്കൽ കോളജിൽ നവജാത ശിശു മരിച്ചതിനെ ചൊല്ലി പ്രതിഷേധം. കുട്ടി മരിച്ചത് ചികിത്സാ പിഴവു കാരണമെന്നാണ് ബന്ധുക്കളുടെ ആരോപണം. വണ്ടാനം സ്വദേശികളായ മനുവിന്റെയും സൗമ്യയുടെയും ഏഴ് ദിവസം പ്രായമായ കുഞ്ഞാണ് മരിച്ചത്. പ്രസവ വേദന വന്നിട്ടും സൗമ്യയെ ലേബർ റൂമിലേക്ക് മാറ്റിയില്ലെന്നും യുവതി വാർഡിൽ പ്രസവിച്ചെന്നുമാണ് കുടുംബം ആരോപിക്കുന്നത്. പ്രസവ സമയത്തുകൊണ്ടുവന്നതാണ്. ഡോക്ടറെ കാണിച്ചപ്പോൾ ഗ്യാസിന്റെ പ്രശ്നമാണെന്നും പ്രസവിക്കാൻ സമയമായിട്ടില്ലെന്നുമാണ് പറഞ്ഞത്. രക്തസ്രാവം ഉണ്ടായപ്പോൾ വീണ്ടും ജീവനക്കാരോട് പറഞ്ഞു. സമയം ആയിട്ടില്ലെന്നു അവർ പറഞ്ഞു. രക്തസ്രാവം കാരണം വേദന സഹിക്കാൻ വയ്യെന്നു പറഞ്ഞു കരഞ്ഞപ്പോഴാണ് ഡോക്ടർമാർ നോക്കിയത്. അപ്പോഴേക്കും പ്രസവിക്കുന്ന ഘട്ടമെത്തിയിരുന്നു. ലേബർ റൂമിലുണ്ടായിരുന്നവർക്കാണ് പിഴവ് പറ്റിയതെന്നുമാണ് ബന്ധുക്കൾ ആരോപിക്കുന്നത്. ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്ന കുഞ്ഞിനെ ഐസിയുവിൽ പ്രവേശിപ്പിച്ചതായിരുന്നു. കഴിഞ്ഞ ദിവസം രാത്രി 12.30 യോടെയാണ് കുഞ്ഞ് മരിച്ചത്. തുടർന്ന് അമ്പലപ്പുഴ പൊലീസെത്തി ബന്ധുക്കളുടെ ആവശ്യപ്രകാരം കേസെടുത്തു.

കുഞ്ഞിന്റെ മൃതദേഹവുമായി ഇവർ മണിക്കൂറുകളോളം ആശുപത്രി വളപ്പിൽ പ്രതിഷേധിച്ചു. പിന്നീട് ചർച്ചകൾക്ക് ശേഷം ഇവർ പിരിയുകയായിരുന്നു. അതേസമയം, നവജാത ശിശുവിന്റെ മരണവുമായി ബന്ധപ്പെട്ട് പ്രചരിക്കുന്നത് വ്യാജവാർത്തയാണെന്ന് ആശുപത്രി അധികൃതർ വാർത്താസമ്മേളനത്തിൽ വ്യക്തമാക്കി. അണുബാധയെ തുടർന്നാണ് കുഞ്ഞു മരിച്ചത്. ജനിച്ചപ്പോൾ ഉണ്ടായ അണുബാധയാണ് മരണത്തിന് കാരണം. സാധാരണ പ്രസവമാണ് നടന്നത്. പ്രസവത്തിൽ അസ്വഭാവികത ഉണ്ടായിരുന്നില്ല . സീനിയർ ഡോക്ടർമാർ പരിചരിച്ചില്ലെന്ന ബന്ധുക്കളുടെ ആരോപണവും അടിസ്ഥാനരഹിതമാണ്. അണുബാധയെ തുടർന്നാണ് കുഞ്ഞിനെ മറ്റുള്ളവരെ കാണിക്കാതിരുന്നത്. ഡോക്ടർ റേച്ചൽ ആയിരുന്നു ചുമതലയിൽ ഉണ്ടായിരുന്നതെന്നും അധികൃതർ പറഞ്ഞു.



പുതുതായി സർവീസ് ആരംഭിച്ച കെ.എസ്.ആർ.ടി.സി. മിനി ഓർഡിനറി ബസിന്റെ ഫ്ളാഗ് ഓഫ് ഗതാഗത വകുപ്പ് മന്ത്രി കെ.ബി. ഗണേഷ് കുമാർ നിർവഹിക്കുന്നു.

# ആസ്തി 500 കോടി: എഐഎഡിഎംകെ സ്ഥാനാർത്ഥിക്ക് പരാജയം

ചെന്നൈ: ലോക്സഭാ തെരഞ്ഞെടുപ്പിൽ തമിഴ്നാട്ടിലെ ഏറ്റവും ധനികനായ എഐഎഡിഎംകെയുടെ സ്ഥാനാർത്ഥി ആത്രാൽ അശോക് കുമാർ പരാജയപ്പെട്ടു. ഈറോഡ് ലോക്സഭാ മണ്ഡലത്തിൽ മികച്ച പോരാട്ടം നടത്തിയെങ്കിലും ഡിഎംകെ തരംഗത്തിൽ അശോക് കുമാർ അരങ്ങേറ്റ മത്സരത്തിൽ തന്നെ പരാജയപ്പെടുകയായിരുന്നു.

ഡിഎംകെ സ്ഥാനാർത്ഥി കെ ഇ പ്രകാശ് 562,339 വോട്ടുകൾക്കാണ് വിജയിച്ചത്. 3,25,773 വോട്ടുകൾ മാത്രമാണ് ആത്രാൽ അശോക് കുമാറിന് ലഭിച്ചത്. 500 കോടിയിലധികം ആസ്തിയാണ് ആത്രാലിനുള്ളത്. നാമനിർദേശ പത്രിക സമർപ്പിക്കുമ്പോൾ 526. 53 കോടി രൂപ വില മതിക്കുന്ന ജംഗമ വസ്തുക്കൾ സത്യവാങ്മൂലത്തിൽ രേഖപ്പെടുത്തിയിരുന്നു. പാരമ്പര്യമായി ലഭിച്ച സ്വത്തുക്കൾ 56.95 കോടി രൂപയാണെന്നും വ്യക്തമാക്കിയിരുന്നു.

ദി ഇന്ത്യൻ പബ്ലിക് സ്കൂളിന്റെയും (ടിപ്സ്) അമെക്സ് അലോയ്സ്പ്രൈവറ്റ് ലിമിറ്റഡിന്റെയും സ്ഥാപക അംഗവും ഡയറക്ടറുമാണ് അശോക് കുമാർ . ടിപ്സ് സ്കൂൾ ഓഫ് ആർക്കിടെക്ചർ, ടിപ്സ് സ്കൂൾ ഓഫ് മാനേജ്മെന്റ്, ടിപ്സ് കോളജ് ഓഫ് ആർട്സ് ആന്റ് സയൻസ്, ടിപ്സ് ഗ്ലോബൽ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവയുടെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം.

കോയമ്പത്തൂരിൽ ഇലക്ട്രിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടിയ ശേഷം, കുമാർ യുഎസിലെ കെന്റക്കിയിലെ ലൂയിസ്‌വില്ലെ സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടി. കൂടാതെ യുഎസ്എയിലെ ഇന്ത്യാനപൊളിസ് യൂണിവേഴ്സിറ്റിയിൽ നിന്ന് എംബിഎയും നേടി.

# പ്രായം കുറഞ്ഞ എംപിമാർ ഇവർ

ന്യൂഡൽഹി: ലോക്സഭയിലേക്ക് എത്തുന്ന പ്രായം കുറഞ്ഞ എംപിമാർ ഇവർ. 25 കാരായ ശാംഭവി ചൗധരി, സഞ്ജന ജാതവ്, പുഷ്പേന്ദ്ര സരോജ്, പ്രിയ സരോജ് എന്നിവരാണ് ലോക്സഭയിലേക്ക് കാലെടുത്തുവയ്ക്കുന്ന പ്രായം കുറഞ്ഞ എംപിമാർ.

ലോക്ജനശക്തി പാർട്ടി ടിക്കറ്റിൽ മത്സരിച്ച് വിജയിച്ച ശാംഭവിയാണ് ഏറ്റവും പ്രായം കുറഞ്ഞ എംപി. ബിഹാറിലെ സമസ്തിപൂർ മണ്ഡലത്തിൽ നിന്നും കോൺഗ്രസിന്റെ സണ്ണി ഹസാരിയെ പരാജയപ്പെടുത്തിയാണ് 25 കാരിയായ ശാംഭവി എംപി സ്ഥാനം കൈവരിച്ചത്.

രാജസ്ഥാനിലെ ഭരത്പൂർ മണ്ഡലത്തിൽ നിന്നും മത്സരിച്ച കോൺഗ്രസ് സ്ഥാനാർത്ഥി സഞ്ജന ജാദവ് ബിജെപിയുടെ രാംസ്വരൂപിനെ 51983 വോട്ടുകൾക്ക് പിന്തള്ളിയാണ് അധികാരത്തിലേറിയത്. കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പിൽ സഞ്ജന മത്സരിച്ചിരുന്നെങ്കിലും 409 വോട്ടിന്റെ വ്യത്യാസത്തിൽ ബിജെപിയുടെ രമേഷ് ഖേദിയോട് പരാജയപ്പെട്ടിരുന്നു.

ബിജെപി കോട്ടയായിരുന്ന കൗശാംബി മണ്ഡലത്തിൽ നിന്നും പടവെട്ടിയാണ് എസ്പിയുടെ പുഷ്പേന്ദ്ര സരോജ് അധികാരം കൈവെള്ളയിലാക്കിയത്. ബിജെപി എംപി വിനോദ് കുമാർ സോങ്കറിനെ 1,03,944 വോട്ടുകളുടെ ഭൂരിപക്ഷത്തിലാണ് പുഷ്പേന്ദ്ര നിലംപരിശാക്കിയത്. അഞ്ച് തവണ എംഎൽഎയും മുൻ ഉത്തർപ്രദേശ് മന്ത്രിയുമായ ഇന്ദർജിത് സരോജിന്റെ മകനാണ് പുഷ്പേന്ദ്ര.മഛലിശഹർ മണ്ഡലത്തിൽ നിന്നും എസ്പി ടിക്കറ്റിലാണ് പ്രിയ സരോജ് ലോക്സഭയിലെത്തിയത്. ബിജെപി എംപി ഭോലാനാഥിനെ 35850 വോട്ടുകൾക്ക് പരാജയപ്പെടുത്തിയാണ് പ്രിയ വിജയക്കൊടി പാറിച്ചത്. മൂന്ന് തവണ എംപിയായ തൂഫാനി സരോജിന്റെ മകളാണ് പ്രിയ.

## ഒമ്പത് എൻഡിഎ സ്ഥാനാർത്ഥികൾക്ക് കെട്ടിവെച്ച കാശ് പോയി

കൊച്ചി : ലോക്സഭ തെരഞ്ഞെടുപ്പിൽ കേരളത്തിൽ മികച്ച നേട്ടമുണ്ടാക്കി എന്നവകാശപ്പെടുന്ന ബിജെപിയുടെ സംസ്ഥാന പ്രസിഡന്റ് കെ സുരേന്ദ്രനടക്കം മിക്ക സ്ഥാനാർത്ഥികൾക്കും കെട്ടിവച്ച കാശ് നഷ്ടപ്പെട്ടു . ബിജെപി പ്രസിഡന്റ് കെ സുരേന്ദ്രനടക്കം ഒമ്പത് ബിജെപി സ്ഥാനാർത്ഥികൾക്കാണ് കെട്ടിവച്ച പണം തിരികെ ലഭിക്കാനാവശ്യമായ മിനിമം വോട്ടുകൾ പോലും നേടാൻ കഴിയാതിരുന്നത്. ആകെ പോൾ ചെയ്ത വോട്ടിന്റെ 16.6 ശതമാനം വോട്ടുകളെങ്കിലും ലഭിക്കുന്നവർക്കാണ് നാമനിർദേശ പത്രികയോടൊപ്പം സമർപ്പിക്കുന്ന ഡെപ്പോസിറ്റ് തുക തിരിച്ച് കിട്ടുക. വയനാട് മണ്ഡലത്തിൽ മത്സരിച്ച ബിജെപി അധ്യക്ഷൻ കെ സുരേന്ദ്രന് 13 ശതമാനം വോട്ടുകൾ മാത്രമാണ് നേടാനായത്. ഇതോടെയാണ് കെട്ടിവച്ച കാശ് പോയവരുടെ പട്ടികയിൽ ബിജെപി സംസ്ഥാന അധ്യക്ഷൻ ഇടം നേടിയത്. കണ്ണൂരിലെ സി രഘുനാഥ്, വടകരയിൽ മത്സരിച്ച പ്രഫുൽ കൃഷ്ണ, മലപ്പുറത്തെ അബ്ദുൽ സലാം , പൊന്നാനിയിലെ നിവേദിത സുബ്രഹ്മണ്യൻ ഡോ.കെ.എസ് രാധാകൃഷ്ണൻ എറണാകുളം , സംഗീത വിശ്വനാഥൻ ഇടുക്കി , കെ ഉണ്ണികൃഷ്ണൻ ചാലക്കുടി, ബൈജു കലാശാല മാവേലിക്കര എന്നീ എൻഡിഎ സ്ഥാനാർത്ഥികൾക്കാണ് കെട്ടിവച്ച കാശ് നഷ്ടപെട്ടത്.

## തീരുമാനമെടുക്കണമെന്ന്! ഡൽഹി ഹൈക്കോടതി

ന്യൂഡൽഹി: മറ്റ് രാഷ്ട്രീയ പാർട്ടികളെ പോലെ പാർട്ടി ആസ്ഥാനം സ്ഥാപിക്കാൻ ആം ആദ്മി പാർട്ടിക്ക് അർഹതയുണ്ടെന്നും ഇതിനു സ്ഥലം അനുവദിക്കുന്നതിൽ കേന്ദ്ര സർക്കാർ ആറ് ആഴ്ചയ്ക്കകം തീരുമാനമെടുക്കണമെന്നും ഡൽഹി ഹൈക്കോടതി. സമ്മർദമോ സ്ഥലം ലഭിക്കാത്തതോ ആയ കാരണങ്ങൾ അഭ്യർത്ഥന നിരസിക്കാൻ കാരണമല്ലെന്ന് ജസ്റ്റിസ് സുബ്രഹ്മണ്യം പ്രസാദ് പറഞ്ഞു. ഡൽഹിയിലെ മറ്റെല്ലാ ദേശീയ പാർട്ടികൾക്കും ഓഫിസ് നിർമിക്കാൻ സ്ഥലം അനുവദിച്ചിട്ടുള്ളതിനാൽ ഇതേ അവകാശം എഎപിക്കുമുണ്ടെന്ന് അവർ വാദിച്ചു.

കയ്യേറ്റ സ്ഥലത്തുള്ള ആംആദ്മി പാർട്ടിയുടെ ദേശീയ ആസ്ഥാനം ജൂൺ 15നകം ഒഴിയണമെന്ന് സുപ്രീം കോടതി നേരത്തെ ഉത്തരവിട്ടിരുന്നു. ജില്ലാ കോടതി വിപുലീകരിക്കുന്നതിനായി ഹൈക്കോടതിക്ക് അനുവദിച്ച സ്ഥലത്താണ് എഎപി ഓഫീസ് സ്ഥിതി ചെയ്യുന്നതെന്ന് ചൂണ്ടിക്കാട്ടിയായിരുന്നു സുപ്രീംകോടതി സ്ഥലം ഒഴിയാൻ ഉത്തരവിട്ടത്. ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സമയം നീട്ടി നൽകുകയായിരുന്നു. ഓഫീസിന് ഭൂമി അനുവദിക്കുന്നതിനായി ലാൻഡ് ആന്റ് ഡെവലപ്മെന്റ് ഓഫീസിനെ സമീപിക്കാനാണ് എഎപിയോട് സുപ്രീം കോടതി നിർദേശിച്ചിരുന്നത്.

## പന്തീരാങ്കാവ് സംഭവം : പൊലീസുകാരന് മുൻകൂർ ജാമ്യം

കോഴിക്കോട്: പന്തീരാങ്കാവ് ഗാർഹിക പീഡന കേസിലെ ഒന്നാം പ്രതി രാഹുലിനെ വിദേശത്തേക്ക് രക്ഷപെടാൻ സഹായിച്ചുവെന്നതിന് ജോലിയിൽ നിന്ന് സസ്പെൻഡ് ചെയ്ത പന്തീരാങ്കാവ് സ്റ്റേഷനിലെ സിവിൽ പൊലീസ് ഓഫീസർ കെ ടി ശരത് ലാലിന്റെ മുൻകൂർ ജാമ്യാപേക്ഷ ജില്ല സെഷൻസ് ജഡ്ജ് എസ് മുരളീകൃഷ്ണ തീർപ്പാക്കി. പൊലീസുകാരനെതിരെ ആരോപിച്ച കുറ്റങ്ങൾ ജാമ്യം ലഭിക്കുന്നവയാണെന്ന് പ്രോസിക്യൂട്ടർ കോടതിയിൽ അറിയിച്ചതിനെ തുടർന്നാണ് നടപടി. ജാമ്യം കിട്ടുന്ന വകുപ്പായതിനാൽ പ്രതിക്ക് സ്റ്റേഷനിൽ ഹാജരായി ജാമ്യം നേടാമെന്ന് നിരീക്ഷിച്ചു കൊണ്ടാണ് അഡ്വ. കെ പി മുഹമ്മദ് ആരിഫ്, അഡ്വ പി കെ നീതു എന്നിവർ മുഖേന നൽകിയ മുൻകൂർ ജാമ്യാപേക്ഷയിൽ കോടതി തീർപ്പ് കൽപ്പിച്ചത്. പ്രതിയായ രാഹുലിന്റെ മാതാവ് രണ്ടാം പ്രതി ഉഷാകുമാരി, സഹോദരി മൂന്നാം പ്രതി കാർത്തിക എന്നിവരുടെ മുൻകൂർ ജാമ്യാപേക്ഷ കഴിഞ്ഞ ദിവസം കോടതി അനുവദിച്ചിരുന്നു.

## നാല് ജില്ലാ ജഡ്ജിമാരെ ഹൈക്കോടതി ജഡ്ജിമാരായി നിയമിക്കാൻ ശുപാർശ

കൊച്ചി: നാല് ജില്ലാ ജഡ്ജിമാരെ ഹൈക്കോടതി ജഡ്ജിമാരായി നിയമിക്കാൻ ഹൈക്കോടതി കൊളീജിയം സുപ്രീംകോടതി കൊളീജിയത്തിന് ശുപാർശ ചെയ്തു. തിരുവനന്തപുരം ജില്ലാ ജഡ്ജി പി വി ബാലകൃഷ്ണൻ, കോഴിക്കോട് ജില്ലാ ജഡ്ജി എസ് മുരളികൃഷ്ണ, ഹൈക്കോടതി വിജിലൻസ് രജിസ്ട്രാർ കെ വി ജയകുമാർ, ഹൈക്കോടതി രജിസ്ട്രാർ (ജില്ലാ ജുഡീഷ്യറി) ജോബിൻ സെബാസ്റ്റ്യൻ എന്നിവരെയാണ് ശുപാർശ ചെയ്തത്. നേരത്തേ ഹൈക്കോടതി രജിസ്ട്രാർ ജനറൽ പി കൃഷ്ണകുമാറിനെ ജഡ്ജിയായി നിയമിക്കാൻ സുപ്രീം കോടതി കൊളീജിയം ശുപാർശ ചെയ്തിരുന്നു. ഇത് കേന്ദ്ര നിയമമന്ത്രാലയത്തിന്റെ പരിഗണനയിലാണ്.

# തുടർച്ചയായി ജാമ്യ ഹർജി; പൾസർ സുനിക്ക് 25000 രൂപ പിഴ

കൊച്ചി: നടിയെ ആക്രമിച്ച് പീഡന ദൃശ്യങ്ങൾ പകർത്തിയ കേസിലെ ഒന്നാം പ്രതി പൾസർ സുനിക്ക് പിഴ ശിക്ഷ വിധിച്ച് ഹൈക്കോടതി. ജാമ്യഹർജി തള്ളി മൂന്നാം ദിവസം അതേ ആവശ്യമുന്നയിച്ച് ഹർജി നൽകിയതിനാണ് പിഴ. 25000 രൂപ പിഴയൊടുക്കാനാണ് കോടതി വിധിച്ചിരിക്കുന്നത്. ജാമ്യം തേടി പൾസർ സുനി പത്ത് തവണ ഹൈക്കോടതിയേയും രണ്ട് തവണ സുപ്രീം കോടതിയേയും സമീപിച്ചിരുന്നു. എന്നാൽ ഈ അവസരങ്ങളിൽ എല്ലാം കോടതി പൾസർ സുനിയുടെ ജാമ്യാപേക്ഷ തള്ളുകയായിരുന്നു എന്ന് കേസ് പരിഗണിച്ച ജസ്റ്റിസ് പി വി കുഞ്ഞികൃഷ്ണൻ തന്റെ ഉത്തരവിൽ പറഞ്ഞു. ഏപ്രിൽ 16 ന് പൾസർ സുനി നൽകിയ ജാമ്യഹർജി മേയ് 20 ന് കോടതി തള്ളിയിരുന്നു. എന്നാൽ ഇതിന് പിന്നാലെ മൂന്ന് ദിവസം കഴിഞ്ഞ് മേയ് 23 ന് വീണ്ടും സുനി ജാമ്യ ഹർജി നൽകുകയായിരുന്നു.പ്രതിയുടെ ജാമ്യം നിഷേധിക്കാൻ കാരണമായ കാര്യങ്ങളിൽ ഈ മൂന്ന് ദിവസത്തിനുള്ളിൽ ഒരു മാറ്റവും സംഭവിച്ചിട്ടില്ലെന്ന് കോടതി നിരീക്ഷിച്ചു. പിഴ ചുമത്തുന്നതു സംബന്ധിച്ച് കോടതി അമിക്കസ് ക്യൂറിയേയും നിയോഗിച്ചിരുന്നു. തുടർന്നാണ് 25000 രൂപ പ്രതിക്ക് പിഴ ചുമത്തിയത്. അതേസമയം പ്രതിക്ക് സാമ്പത്തിക ബുദ്ധിമുട്ടുണ്ടെങ്കിൽ ലീഗൽ സെൽ അതോറിട്ടിയെ സമീപിക്കാം എന്ന് കോടതി നേരത്തെ പറഞ്ഞിരുന്നു. എന്നാൽ ഓരോ തവണ ജാമ്യാപേക്ഷ നൽകാനും ഇതിന് വ്യത്യസ്ത അഭിഭാഷകരെ നിയോഗിക്കാനും പ്രതിക്ക് സാമ്പത്തിക ബുദ്ധിമുട്ടില്ലെന്ന് ജഡ്ജി പി വി കുഞ്ഞികൃഷ്ണൻ നിരീക്ഷിച്ചു. അല്ലെങ്കിൽ പ്രതിയെ സഹായിക്കാനായി പിന്നിൽ മറ്റാരോ ഉണ്ട് എന്നത് വ്യക്തമാണെന്നും കോടതി പറഞ്ഞു. ഒരു മാസത്തിനുള്ളിൽ പൾസർ സുനി ലീഗൽ സർവീസസ് അതോറിട്ടിയിൽ പിഴ തുക അടയ്ക്കണം.

## വിജയത്തിന്റെ ക്രെഡിറ്റ് എല്ലാവർക്കും: എംഎം ഹസൻ

തിരുവനന്തപുരം: തെരഞ്ഞെടുപ്പ് വിജയത്തിന്റെ ക്രെഡിറ്റ് എല്ലാവർക്കുമുള്ളതാണെന്ന് യു!!ഡിഎഫ് കൺവീനർ. വിജയത്തിന് പിന്നിൽ പ്രതിപക്ഷ നേതാവ് വി ഡി സതീശന്റെ പ്രവർത്തനമികവാണെന്ന തരത്തിലുള്ള പിആർ പ്രചരണത്തെക്കുറിച്ചുള്ള ചോദ്യത്തിനായിരുന്നു എം എം ഹസന്റെ മറുപടി. വിജയത്തിന്റെ ക്രെഡിറ്റ് ഒരാൾക്ക് മാത്രമല്ല. എല്ലാ യുഡിഎഫ് പ്രവർത്തകർക്കുമുള്ളതാണ്. അങ്ങനെ ഒരാൾക്ക് മാത്രം എടുത്തുകൊണ്ടുപോകാൻ പറ്റുന്നതല്ലല്ലോയെന്നും ഹസൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു. തൃശൂർ, ആലത്തൂർ മണ്ഡലങ്ങളിൽ സ്ഥാനാർത്ഥി നിർണയത്തിലും സംഘടനാ പ്രവർത്തനത്തിലും വീഴ്ചയുണ്ടോയെന്ന് പരിശോധിക്കും. തൃശൂർ സീറ്റ് ബിജെപിക്ക് സ്വർണതാലത്തിൽ വച്ച് സിപിഐ(എം) നൽകുകയായിരുന്നു. പരാജയത്തിന്റെ പൂർണ ഉത്തരവാദിത്തം മുഖ്യമന്ത്രിക്കാണെന്നും ധാർമ്മികത ഉണ്ടെങ്കിൽ സ്ഥാനം രാജി വയ്ക്കണമെന്നും ഹസൻ പറഞ്ഞു. വയനാട് സീറ്റ് നില നിർത്തുമോയെന്നതിൽ തീരുമാനമെടുക്കേണ്ടത് രാഹുൽ ഗാന്ധി തന്നെയാണെന്നും ചോദ്യത്തിന് മറുപടിയായി എം എം ഹസൻ പറഞ്ഞു.

## ബിജെപി നേതൃത്വത്തിനെതിരെ രൂക്ഷ വിമർശനവുമായി പി സി ജോർജ്

കോട്ടയം: പത്തനംതിട്ടയിലെ എൻഡിഎ സ്ഥാനാർത്ഥി അനിൽ ആന്റണിയുടെ തെരഞ്ഞെടുപ്പ് പരാജയത്തിന് പിന്നാലെ ബിജെപി നേതൃത്വത്തിനെതിരെ രൂക്ഷ വിമർശനവുമായി പി സി ജോർജ്. അനിൽ ആന്റണിയെ പോലെ ആരുമായും ബന്ധമില്ലാത്ത ആളെ സ്ഥാനാർത്ഥിയാക്കിയാൽ വിജയിക്കില്ലെന്ന് പി സി ജോർജ് പറഞ്ഞു.

കോൺഗ്രസ് നേതാവ് എ കെ ആന്റണിയുടെ മകനെന്നേയുള്ളൂ. അനിലിന് നാടുമായി ബന്ധം ഇല്ലായിരുന്നത് തോൽവിക്ക് കാരണമായി. വോട്ട് പിടിക്കാൻ അനിൽ വളരെയധികം ബുദ്ധിമുട്ടി. താൻ പലരോടും വ്യക്തിപരമായി ഫോണിൽ വിളിച്ച് അഭ്യർത്ഥിച്ചാണ് ഇത്രയും വോട്ട് ഉണ്ടാക്കിയത്. ജയിക്കാവുന്ന സീറ്റ് നശിപ്പിച്ചു. എ കെ ആന്റണി മകനെ തള്ളിപ്പറഞ്ഞതും പേരുദോഷമായി. പത്തനംതിട്ടയിൽ മത്സരിച്ച് അനിൽ ഭാവി നശിപ്പിക്കരുതായിരുന്നുവെന്നും ജോർജ് ചൂണ്ടിക്കാട്ടി.

# വോട്ട് നഷ്ടക്കണക്കിൽ എൽഡിഎഫിന് പിടിവള്ളി പോളിംഗ് ശതമാനം മാത്രം

പത്തനംതിട്ട: ലോക്സഭ തെരഞ്ഞെടുപ്പിൽ എൽഡിഎഫിനുണ്ടായ കനത്ത വോട്ട് നഷ്ടത്തിനു മറുപടി പറയാനാകാതെ നേതാക്കൾ. 2019ലെ ലോക്സഭ തെരഞ്ഞെടുപ്പിനെ അപേക്ഷിച്ച് 35,180 വോട്ടിൻറെ കുറവ് മാത്രമേ ഇത്തവണ ഉണ്ടായിട്ടുള്ളൂവെങ്കിലും 2021 നിയമസഭ തെരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടിനേക്കാൾ 1,36,197 വോട്ടിൻറെ കുറവാണുള്ളത്.നിയമസഭ തെരഞ്ഞെടുപ്പിൽ ഓരോ മണ്ഡലത്തിലും ശരാശരി 72 ശതമാനമായിരുന്നു പോളിംഗെങ്കിൽ ഇക്കുറി അത് 65 ശതമാനത്തിനു താഴേക്കുപോയി എന്നതാണ് ഏക കാരണമായി ചൂണ്ടിക്കാട്ടാവുന്നത്. പാർലമെൻറ് മണ്ഡലപരിധിയിൽ ഏഴ് എംഎൽഎമാർ ഉണ്ടായിട്ടും ഒരിടത്തുപോലും മുന്നിലെത്താൻ തോമസ് ഐസക്കിനായില്ല.അപ്രതീക്ഷിത ഭൂരിപക്ഷമാണ് ആറന്മുള, തിരുവല്ല, റാന്നി നിയമസഭാ മണ്ഡലങ്ങളിൽ യുഡിഎഫിനുണ്ടായത്. ഏഴ് മണ്ഡലങ്ങളിലായി എൽഡിഎഫിന് ഇത്തവണ ലഭിച്ചത് 3,01,504 വോട്ടാണ്. 2019ലെ ലോക്സഭാ തെരഞ്ഞെടുപ്പിൽ 3,36,684 വോട്ട് ലഭിച്ചിരുന്നു. 2019നെ അപേക്ഷിച്ച് വോട്ട് ശതമാനത്തിലും നേരിയ വ്യതിയാനം മാത്രമേ ഉള്ളൂവെന്നും ആശ്വസിക്കാം.2021 നിയമസഭാ തെരഞ്ഞെടുപ്പിൽ സമീപകാല തെരഞ്ഞെടുപ്പ് ചരിത്രത്തിൽ ഏറ്റവും ഉയർന്ന വോട്ട് ആണു ലഭിച്ചത്. 4,37,701 വോട്ട്. പോളിംഗ് ശതമാനം ഏറ്റവും ഉയർന്നുനിന്ന തെരഞ്ഞെടുപ്പ് കൂടിയായിരുന്നു ഇത്. ഏഴു മണ്ഡലങ്ങളിലും ജയിച്ച എൽഡിഎഫ് സ്ഥാനാർഥികൾക്കെല്ലാം കൂടി 80,474 വോട്ട് യുഡിഎഫിനേക്കാൾ കൂടുതലായി ലഭിച്ചു.കേരള കോൺഗ്രസ് എമ്മിൻറെ പിന്തുണ കൂടി എൽഡിഎഫിനു ലഭിച്ചശേഷം നടന്ന ആദ്യനിയമസഭാ തെരഞ്ഞെടുപ്പിൽ റാന്നി, കാഞ്ഞിരപ്പള്ളി, പൂഞ്ഞാർ മണ്ഡലങ്ങളിൽ പാർട്ടി പ്രതിനിധികൾ എംഎൽഎമാരുമായി.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.




# ലോക പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ ആഘോഷിച്ചു

വിഴിഞ്ഞം: അദാനി വിഴിഞ്ഞം തുറമുഖത്തിന്റെ സാമൂഹ്യ പ്രതിബദ്ധതാ പദ്ധതിയുടെ ഭാഗമായി ലോക പരിസ്ഥിതി ദിനം വിവിധ പരിപാടികളോടെ സമുചിതമായി ആഘോഷിച്ചു.

ആദ്യ പരിപാടി വെങ്ങാനൂർ ഗ്രാമ പഞ്ചായത്തിന്റെയും നാഷണൽ എൻജിയോ കോൺഫെഡറേഷന്റെയും സഹകരണത്തോടെ വെള്ളയാണി കടവിൻ മൂല കായൽ ബണ്ടിൽ ഫലവൃക്ഷതൈ നട്ടു കൊണ്ട് തുടക്കം കുറിച്ചു.

വെങ്ങാനൂർ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ശ്രീകുമാറിന്റെ അദ്ധ്യക്ഷതയിൽ തുടർന്ന് നടന്ന പൊതുസമ്മേളനം നാഷണൽ എൻജിയോ ഫൗണ്ടേഷൻ ചെയർമാൻ ശ്രീ. കെ.എൻ ആനന്ദകുമാർ നിർവ്വഹിച്ചു. അദാനി ഫൗണ്ടേഷൻ ദക്ഷിണേന്ത്യ മേധാവി ഡോ. അനിൽ ബാലകൃഷ്ണൻ മുഖ്യ പ്രഭാഷണം നടത്തി.

വെള്ളയാണി കായൽ സംരക്ഷണത്തിനായി അദാനി ഫൗണ്ടേഷൻ നടത്തുന്ന ശ്രമങ്ങളെ ചടങ്ങിൽ ആദരിച്ചു. കായൽ കുഴവാളകൾ നീക്കം ചെയ്യാനായി സോളാർ ബോട്ട്, ഫ്ലോട്ടിംഗ് ജെട്ടി എന്നിവ അദാനി ഫൗണ്ടേഷൻ പഞ്ചായത്തിന് നൽകുമെന്ന് ഡോ. അനിൽ ബാലകൃഷ്ണൻ യോഗത്തെ അറിയിച്ചു.

തുടർന്ന് കേരള സർക്കാർ വനം വകുപ്പ്, വെങ്ങാന്നുർ ഗേൾസ് ഹയർ സെക്കണ്ടറി സ്ക്കൂൾ എന്നിവരുടെ സംയുക്ത സഹകരണത്തിൽ സ്കൂൾ വളപ്പിൽ ഫലവൃക്ഷ തൈ നടുകയും, ഇക്കോ ക്ലബ്ബ്, സ്റ്റുഡന്റ് പോലീസ് കേഡറ്റ് അംഗങ്ങൾക്ക് 100 ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

തുടർന്നു സ്ക്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ലോക പരിസ്ഥിതി ദിന സന്ദേശം നൽകുകയും വായു മലിനീകരണം, പ്ലാസ്റ്റിക് മലിനീകരണം, തുടങ്ങിയ നമ്മുടെ പരിസ്ഥിതി നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് സ്ക്കൂൾ വിദ്യാർത്ഥികൾ തെരുവു നാടകം നടത്തുകയും ചെയ്തു. 'നമ്മുടെ ഭൂമി നമ്മുടെ ഭാവി' എന്ന മുദ്രാവാക്യത്തിന് കീഴിൽ ഭൂമി പുനഃസ്ഥാപിക്കൽ, മരുഭൂവൽക്കരണം, വരൾച്ചയെ പ്രതിരോധിക്കൽ എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുക എന്നതായിരുന്നു തീ0. എച്ച്.എസ്സ്

എസ്സ്.ഫോർ ഗേൾസ് വെങ്ങാനൂർ സ്കൂളിലെ എക്കോ ക്ലബ് കൺവീനറായ ശ്രീ.സുനിൽകുമാർ സ്വാഗതമാശംസിച്ചു .എച്ച്.എസ്സ്.എസ്സ് ഫോർ ഗേൾസ് വെങ്ങാനൂർ സ്കൂളിലെ ഹെഡ്മാസ്റ്റർ ശ്രീ. രഞ്ജിത്ത് കുമാർ അധ്യക്ഷ പ്രസംഗം നടത്തി.ഇന്നത്തെ ദിവസത്തെ പ്രാധാന്യത്തെക്കുറിച്ച് മുഖ്യപ്രഭാഷണം നടത്തിയത് ഫോറസ്റ്റ് റേഞ്ച് ഓഫീസർ ശ്രീ.ബിജു,അദാനി ഫൗണ്ടേഷൻ മാനേജർ ശ്രീ. സെബാസ്റ്റ്യൻ ബ്രിട്ടോ എന്നിവരായിരുന്നു .അദാനി ഫൗണ്ടേഷൻ ലൈവിലിഹുഡ് കോർഡിനേറ്റർ ശ്രീ ജോർജ് സെൻ കൃതജ്ഞത രേഖപ്പെടുത്തി.

അദാനി ഫൗണ്ടേഷൻ ദേശീയ തലത്തിൽ പോഷക ശോഷണം തടയുന്നതിനായി നടപ്പിലാക്കി വരുന്ന സുപോ ഷൺ പദ്ധതിയുടെ ഭാഗമായി കോട്ടുകാൽ ഗ്രാമ പഞ്ചായത്ത് പരിധിയിൽ 200 ഫലവൃക്ഷ തൈകൾ വിതരണം ചെയ്യുകയും, പരിസ്ഥിതി ദിന സന്ദേശം നൽകുകയും ചെയ്തു.

# അഗ്നിവീർ പദ്ധതിയിൽ പുനരാലോചന വേണം, ജാതി സെൻസസ് നടപ്പാക്കണം; ബിജെപിയെ സമ്മർദത്തിലാക്കി ജെഡിയു

ന്യൂഡൽഹി: സർക്കാർ രൂപീകരിക്കാൻ മറ്റ് പാർട്ടികളുടെ പിന്തുണ വേണമെന്നിരിക്കെ ബിജെപിയെ സമ്മർദത്തിലാക്കി സഖ്യ കക്ഷികൾ. അഗ്നിവീർ പദ്ധതിയിൽ പുനരാലോചന വേണമെന്നും ജാതി സെൻസസ് നടപ്പാക്കണമെന്നും അടക്കമുള്ള ആവശ്യങ്ങളാണ് ജെഡിയു മുന്നോട്ട് വയ്ക്കുന്നത്.

ഒരു രാജ്യം, ഒറ്റ വൈദ്യുത നിരക്ക് എന്ന ആശയം നടപ്പിലാക്കണമെന്നും ജെഡിയു ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഒരു രാജ്യം ഒറ്റ തെരഞ്ഞെടുപ്പ്, ഏകീകൃത സിവിൽ കോഡ് എന്നിവയെ പിന്തുണയ്ക്കുന്നതായും ജെഡിയു അറിയിച്ചിട്ടുണ്ട്.

ഏകീകൃത സിവിൽകോഡ് സങ്കീർണമായ പദ്ധതിയാണ്. എല്ലാവരുമായി ചർച്ച നടത്തിയശേഷം മാത്രമേ ഇതു നടപ്പാക്കാവൂ എന്നാണ് ജെഡിയു ആവശ്യപ്പെട്ടിട്ടുള്ളത്. ഇക്കാര്യങ്ങളിൽ അടക്കം ജെഡിയു നേതാവ് നിതീഷ് കുമാറുമായി ചർച്ച നടത്താൻ അശ്വിനി വൈഷ്ണവിനെ ബിജെപി നേതൃത്വം ചുമതലപ്പെടുത്തി.

മൂന്ന് കാബിനറ്റ് പദവികളാണ് ജെഡിയു ആവശ്യപ്പെട്ടതെന്നാണ് സൂചന. റെയിൽവേ, ഗ്രാമവികസനം, ജൽശക്തി വകുപ്പുകളാണ് ആവശ്യപ്പെട്ടതെന്ന് റിപ്പോർട്ടുകളുണ്ട്.

ലോക്സഭ സ്പീക്കർ, അഞ്ച് ക്യാബിനറ്റ് മന്ത്രിമാർ, രണ്ടു സഹമന്ത്രിമാർ തുടങ്ങിയ പദവികളാണ് ടിഡിപി ആവശ്യപ്പെട്ടിരിക്കുന്നതെന്നാണ് വിവരം. ടിഡിപിയുമായി ചർച്ച നടത്താൻ പിയൂഷ് ഗോയലിനെ ബിജെപി ചുമതലപ്പെടുത്തിയിട്ടുണ്ട്.

# ഓഹരി വിപണിയിൽ തട്ടിപ്പ്; ജെപിസി അന്വേഷണം വേണമെന്ന് രാഹുൽ ഗാന്ധി

ന്യൂഡൽഹി: തെരഞ്ഞെടുപ്പിൻറെ മറവിൽ ഓഹരി വിപണിയിൽ വൻ തട്ടിപ്പ് നടന്നെന്ന ആരോപണവുമായി കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധി.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെയും ആഭ്യന്തരമന്ത്രി അമിത്ഷായുടെയും നേതൃത്വത്തിലാണ് തട്ടിപ്പ് നടന്നതെന്ന് രാഹുൽ ഡൽഹിയിൽ നടത്തിയ പത്രസമ്മേളനത്തിൽ പറഞ്ഞു. ജൂൺ നാലിന് സ്റ്റോക്ക് മാർക്കറ്റ് റിക്കാർഡ് ഇടുമെന്ന് മോദിയും അമിത് ഷായും പറഞ്ഞു.

സ്റ്റോക്കുകൾ വാങ്ങിവെക്കാൻ അമിത്ഷായും ആവശ്യപ്പെട്ടു. ജൂൺ ഒന്നിന് വ്യാജ എക്സ്റ്റിറ്റ് പോൾ വന്നു. ജൂൺ നാലിന് കോടികളുടെ നഷ്ടവും ഉണ്ടായെന്നും ചരിത്രത്തിലെ ഏറ്റവും വലിയ അഴിമതിയാണ് നടന്നതെന്നും രാഹുൽ ഗാന്ധി പറഞ്ഞു.

എക്സിറ്റ് പോളുകൾ വ്യാജമാണെന്ന് ബിജെപി നേതാക്കൾക്ക് അറിയാമായിരുന്നു. ഓഹരി വിപണിയിൽ തട്ടിപ്പിൽ സംയുക്ത പാർലമെൻററി സമിതി (ജെപിസി) അന്വേഷണം വേണമെന്നും രാഹുൽ ഗാന്ധി ആവശ്യപ്പെട്ടു.

# നാലാം ലോക കേരളസഭയിൽ 103 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ

തിരുവനന്തപുരം: 13 മുതൽ 15 വരെ തിരുവനന്തപുരത്ത് ചേരുന്ന നാലാം ലോക കേരളസഭയിൽ 103 രാജ്യങ്ങളിൽ നിന്നും, 25 ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും പ്രവാസികേരളീയ പ്രതിനിധികൾ പങ്കെടുക്കും.

200 ഓളം പ്രത്യേക ക്ഷണിതാക്കളും ഇത്തവണ സഭയിൽ പങ്കെടുക്കുന്നുണ്ട്. ഇതുവരെ ലഭിച്ച 760 അപേക്ഷകരിൽ നിന്നാണ് അർഹരായവരെ തെരഞ്ഞെടുക്കുന്നത്. അംഗങ്ങളുടെ ലിസ്റ്റ് അന്തിമ ഘട്ടത്തിലാണ്.

മൂന്നാം ലോക കേരളസഭയിലെ നിർദേശപ്രകാരം രൂപീകരിച്ച ലോക കേരളം ഓൺലൈൻ പോർട്ടൽ, കേരള മൈഗ്രേഷൻ സർവേ എന്നിവയുടെ പ്രകാശനം മുഖ്യമന്ത്രി പിണറായി വിജയൻ 13ന് നിർവഹിക്കും. കേരള നിയമസഭാ സ്പീക്കർ എ. എൻ. ഷംസീർ ചടങ്ങിൽ അധ്യക്ഷത വഹിക്കും.

മൈഗ്രേഷൻ സർവേയുടെ ഭാഗമായുള്ള സെമിനാറും തുടർന്ന് ചേരും. 13ന് വൈകുന്നേരം നിശാഗന്ധി ഓഡിറ്റോറിയത്തിൽ നടക്കുന്ന പൊതുയോഗത്തോടെയാണ് ലോകകേരള സഭയുടെ നാലാം സമ്മേളനത്തിന് ഔദ്യോഗികമായി തുടക്കമാകുക.

എമിഗ്രേഷൻ കരട് ബിൽ 2021,വിദേശ റിക്രൂട്ട്മെൻറ് പ്രോഗ്രാമുകൾ, സുസ്ഥിര പുനരധിവാസം നൂതന ആശയങ്ങൾ, കുടിയേറ്റത്തിലെ ദുർബലകണ്ണികളും സുരക്ഷയും, നവ തൊഴിൽ അവസരങ്ങളും നൈപുണ്യ വികസനവും, കേരള വികസനം നവ മാതൃകകൾ, വിദേശ രാജ്യങ്ങളിലെ മാറുന്ന തൊഴിൽകുടിയേറ്റ നിയമങ്ങളും മലയാളി പ്രവാസവും, വിജ്ഞാന സമ്പദ്ഘടനയിലേക്കുള്ള പരിവർത്തനവും പ്രവാസികളും എന്നിങ്ങനെ എട്ട് വിഷയങ്ങളിൽ അവതരണങ്ങൾ നടക്കും. ഇതിനോടൊപ്പം ഏഴു മേഖലാടിസ്ഥാനത്തിലുള്ള ചർച്ചകളും സംഘടിപ്പിക്കുന്നുണ്ട്.

## ഒ. ആർ. കേളു മന്ത്രിയായേക്കും

തിരുവനന്തപുരം: മന്ത്രി കെ. രാധാകൃഷ്ണൻ ആലത്തൂരിൽനിന്ന് ലോക്സഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടതോടെ അദ്ദേഹം രാജിവയ്ക്കുന്ന ഒഴിവിൽ മാനന്തവാടി എംഎൽഎ ഒ. ആർ. കേളു മന്ത്രിയായേക്കുമെന്ന് സൂചന. കെ. രാധാകൃഷ്ണൻ എപ്പോൾ രാജി വയ്ക്കണമെന്നും മന്ത്രിസഭാ പുനഃസംഘടന എന്നുവേണമെന്നും വെള്ളിയാഴ്ച സിപിഎം സെക്രട്ടേറിയേറ്റ് യോഗത്തിൽ തീരുമാനമാകും. ഈ മാസം 10ന് നിയമസഭാ സമ്മേളനം തുടങ്ങുന്നതിനു മുന്പ് പുനഃസംഘടന ഉണ്ടാകാനാണ് സാധ്യത. സിപിഎം സംസ്ഥാന കമ്മിറ്റി അംഗവും ആദിവാസി ക്ഷേമസമിതി നേതാവുമാണ് ഒ. ആർ. കേളു.

# പുതിയ എംപിമാരിൽ 46 ശതമാനം പേരും ക്രിമിനൽകേസ് പ്രതികൾ

ന്യൂഡൽഹി: പുതിയ ലോക്സഭാ അംഗങ്ങളിൽ 46 ശതമാനം പേരും ക്രിമിനൽ കേസ് പ്രതികൾ. 543 അംഗം സഭയിൽ 251 പേർക്കെതിരെയാണ് ക്രിമിനൽ കേസുള്ളത്. ഇതിൽ 27 പേർ കുറ്റക്കാരെന്ന് കണ്ടെത്തി ശിക്ഷിക്കപ്പെട്ടവരാണെന്നും അസോസിയേഷൻ ഫോർ ഡമോക്രറ്റിക് റിഫോംസ് (എഡിആർ ) റിപ്പോർട്ടിൽ പറയുന്നു.

പുതിയ അംഗങ്ങളിൽ 170 പേർക്കെതിരെ ബലാത്സംഗം, തട്ടിക്കൊണ്ടുപോകൽ, സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2009 മുതൽ ഗുരുതരമായ ക്രിമിനൽ കേസുകളുള്ള എംപിമാരുടെ എണ്ണത്തിൽ 124 ശതമാനം വർധനവാണ് ഉണ്ടായിരിക്കുന്നത്. അതായത് 2009ൽ ക്രിമിനൽ കേസുകളിൽ പ്രതികളായത് 76 എംപിമാരും 2014ൽ 112 ഉം 2019ൽ ഇത് 159 ആയും വർധിച്ചു.

ബിജെപി സ്ഥാനാർത്ഥികളായി വിജയിച്ച 240 പേരിൽ 94 പേർ ക്രിമിനൽ കേസുകളിൽ ഉൾപ്പെട്ടവരാണ്. കോൺഗ്രസിൽ നിന്ന് വിജയിച്ച 99 ൽ 49 പേരും സമാജ്‌വാദി പാർട്ടിയുടെ 37 ൽ 21 പേരും ക്രിമിനൽ കേസുകൾ നേരിടുന്നുവരാണ്. ടിഎംസിയുടെ 29ൽ പതിമൂന്ന്, ഡിഎംകെയുടെ 22ൽ 13, ടിഡിപിയുടെ 16ൽ എട്ട് , ശിവസേനയുടെ ഏഴ് പേരിൽ അഞ്ച് എന്നിങ്ങനെയാണ് പട്ടിക.

തെരഞ്ഞെടുപ്പിൽ ക്രിമിനൽ കേസുകളുള്ള ഒരു സ്ഥാനാർത്ഥിക്ക് ജയിക്കാനുള്ള സാധ്യത 15.3 ശതമാനമാണെങ്കിൽ വ്യക്തമായ പ്രതിച്ഛായയുള്ള സ്ഥാനാർത്ഥിക്ക് ഇത് 4.4 ശതമാനം മാത്രമായിരുന്നുവെന്നും എഡിആർ പറയുന്നു.

# 'വീട്ടിൽ സ്വർണം വച്ചിട്ടെന്തിന് നാട്ടിൽ തേടി നടപ്പൂ'; ഏരിയാ കമ്മിറ്റിയംഗത്തോടു വിശദീകരണം തേടും

പത്തനംതിട്ട: പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ കേന്ദ്ര കമ്മിറ്റിയംഗം ഡോ.തോമസ് ഐസക്കിനു കനത്ത തോൽവി ഏറ്റുവാങ്ങേണ്ടി വന്നതിനു പിന്നാലെ സ്ഥാനാർഥി നിർണയത്തിൽ പാളിച്ചയുണ്ടായെന്ന തരത്തിൽ സിപിഎം പ്രാദേശിക ഘടകങ്ങളിൽ ചർച്ച.

പത്തനംതിട്ടയിലെ സിപിഎം ഏരിയാ കമ്മിറ്റി അംഗവും നഗരത്തിലെ പ്രമുഖ നേതാവുമായ അൻസാരി അസീസിൻറെ ഫേയ്സ്ബുക്ക് പോസ്റ്റാണ് പുതിയ ചർച്ചകൾക്കു വഴിമരുന്നിട്ടത്. പത്തനംതിട്ടയിൽനിന്നുള്ള സംസ്ഥാന കമ്മിറ്റി അംഗം രാജു ഏബ്രഹാമിൻറെ ചിത്രം വച്ചായിരുന്നു അസീസിൻറെ ഫേസ്ബുക്ക് പോസ്റ്റ്.

'വീട്ടിൽ സ്വർണം വച്ചിട്ടെന്തിന് നാട്ടിൽ തേടി നടപ്പൂ' എന്നായിരുന്നു പോസ്റ്റ്. പോസ്റ്റ് വിവാദമായതോടെ അൻസാരി അസീസ് നിമിഷങ്ങൾക്കുള്ളിൽ ഇതു പിൻവലിച്ചു. അപ്പോഴേക്കും പോസ്റ്റ് വൈറലാകുകയും വാർത്തകളിൽ ഇടംനേടുകയും ചെയ്തു. അൻസാരിയോടു വിശദീകരണം തേടാനാണ് ഏരിയാ കമ്മിറ്റിയുടെ നീക്കം. ജില്ലാ കമ്മിറ്റിയിലും വിഷയം ചർച്ചയ്ക്കുവരും.

66,119 വോട്ടിൻറെ ഭൂരിപക്ഷത്തോടെയാണ് യുഡിഎഫ് സ്ഥാനാർഥി ആൻറോ ആൻറണി പത്തനംതിട്ടയിൽ വിജയിച്ചത്. അപ്രതീക്ഷിത പരാജയമെന്നാണ് തോമസ് ഐസക് പ്രതികരിച്ചത്. സമീപകാലത്ത് എൽഡിഎഫിനു ലഭിച്ച വോട്ടുകണക്കിൽ വളരെ പിന്നിലാണ് ഐസക്. 3,67623 വോട്ടാണ് ആൻറോ ആൻറണി നേടിയത്.

3,01504 വോട്ട് തോമസ് ഐസക് നേടിയപ്പോൾ ബിജെപിയുടെ അനിൽ ആൻറണി നേടിയത് 2,34406 വോട്ട് ആണ്. പത്തനംതിട്ടയിൽ തോമസ് ഐസക്കിൻറെ സ്ഥാനാർഥിത്വം സംസ്ഥാനത്തെ ചില നേതാക്കളുടെ താത്പര്യത്തിലായിരുന്നുവെന്നു പറയുന്നു.

റാന്നി നിയമസഭാ മണ്ഡലത്തെ നാലുതവണ പ്രതിനിധീകരിച്ച രാജു ഏബ്രഹാമിനു ലോക്സഭ സ്ഥാനാർഥിത്വം നൽകണമെന്ന അഭിപ്രായം ജില്ലാ ഘടകത്തിൽ നിലനിൽക്കുമ്പോഴാണ് ഐസക് പത്തനംതിട്ടയിലേക്കെത്തുന്നത്.

ജില്ലാ കമ്മിറ്റിയിലെ ഒരു വിഭാഗവും ഇതിനു പിന്തുണ നൽകി. കേന്ദ്ര കമ്മിറ്റിയംഗം മത്സരിക്കാൻ തയാറെടുത്തതിനു പിന്നാലെ മറ്റു നിർദേശങ്ങൾ അപ്രസക്തമാകുകയും ചെയ്തു.

## കോൺഗ്രസിന് പിന്തുണ പ്രഖ്യാപിച്ച് ജയിച്ച വിമതൻ

ന്യൂഡൽഹി: മഹാരാഷ്ട്രയിൽ വിമതനായി മത്സരിച്ച് വിജയിച്ച വിശാൽ പാട്ടീൽ കോൺഗ്രസിന് പിന്തുണ പ്രഖ്യാപിച്ചു. സാംഗ്ലി മണ്ഡലത്തിൽ നിന്നാണ് വിശാൽ വിജയിച്ചത്. ഡൽഹിയിൽ എത്തി കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജ്ജുൻ ഖാർഗെയ്ക്ക് പിന്തുണ കത്ത് കൈമാറി.

ഡൽഹിയിൽ എത്തിയ വിശാൽ രാഹുൽ ഗാന്ധിയേയും സോണിയ ഗാന്ധിയേയും കണ്ടു.വിശാൽ കൂടി പിന്തുണ നൽകിയതോടെ ഇന്ത്യ സഖ്യത്തിൻറെ അംഗസംഖ്യ 235 ആയി. മഹാരാഷ്ട്രയിലെ മഹാവികാസ് അഘാടിക്കും വിശാൽ പിന്തുണ പ്രഖ്യാപിച്ചിട്ടുണ്ട്.

സാംഗ്ലിയിൽ സീറ്റ് കിട്ടാത്തതിനെ തുടർന്നാണ് വിശാൽ പാട്ടീൽ പാർട്ടി വിട്ട് വിമതനായി മത്സരിച്ചത്. സ്വതന്ത്രനായി മത്സരിച്ച വിശാൽ ബിജെപിയുടെ സിറ്റിംഗ് എംപി സഞ്ജയ്കാക പാട്ടീലിനെയാണ് പരാജയപ്പെടുത്തിയത്.

## അമ്മ ഓടിച്ചിരുന്ന കാർ കടയിലേക്ക് ഇടിച്ചു കയറി; മകൾക്ക് ദാരുണാന്ത്യം

കൊട്ടാരക്കര: അമ്മ ഓടിച്ചിരുന്ന കാർ നിയന്ത്രണം വിട്ട് കടത്തിണ്ണയിലേക്ക് ഇടിച്ചു കയറി മറിഞ്ഞുണ്ടായ അപകടത്തിൽ മകൾക്ക് ദാരുണാന്ത്യം.

വ്യാഴാഴ്ച ഉച്ചയ്ക്ക് രണ്ടിന് എംസി റോഡിൽ വാളകം വില്ലേജ് ഓഫീസിന് സമീപത്തുണ്ടായ അപകടത്തിൽ കൊട്ടാരക്കര ലോവർ കരിക്കം ന്യൂ ഹൗസിൽ ജയിംസ് ജോർജിൻറെയും ബിസ്മിയുടെയും മകൾ ആൻറിയ (16) ആണ് മരിച്ചത്.

കാർ ഓടിച്ചിരുന്ന ബിസ്മി (39), ഒപ്പമുണ്ടായിരുന്ന മുത്തച്ഛി ശോശാമ്മ (76) എന്നിവരെ പരിക്കുകളോടെ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ശോശാമ്മയെ വെഞ്ഞാറമ്മൂട് മെഡിക്കൽ കോളജിൽ കാണിച്ച ശേഷം മടങ്ങുന്ന വഴിയാണ് അപകടം ഉണ്ടായത്.

ബിസ്മി ഓടിച്ചിരുന്ന കാർ നിയന്ത്രണംവിട്ട് സമീപമുള്ള കടയുടെ പടികളിലേക്ക് പാഞ്ഞുകയറുകയായിരുന്നു. ഇടിയുടെ ആഘാതത്തിൽ കാർ കരണം മറിഞ്ഞു.

## പാളിച്ചയുണ്ടായി; കെ. മുരളീധരനെ തിരിച്ചുകൊണ്ടുവരും: കെപിസിസി പ്രസിഡൻറ്

കോഴിക്കോട്: ലോക്സഭാ തെരഞ്ഞെടുപ്പിൽ തൃശൂരിൽ പരാജയപ്പെട്ട കെ.മുരളീധരനെ കെപിസിസി പ്രസിഡൻറ് കെ.സുധാകരൻ സന്ദർശിച്ചു. കെ.മുരളീധരനെ തിരിച്ചുകൊണ്ടുവരും. അത് ഞങ്ങളുടെ എല്ലാവരുടെയും ബാധ്യതയാണ്. ചർച്ചയിൽ ഒരാവശ്യവും അദ്ദേഹം മുന്നോട്ട് വെച്ചിട്ടില്ല.

കെ. മുരളീധരന് എന്ത് പദവി നൽകണമെന്ന കാര്യം പാർട്ടി ചർച്ച ചെയ്തു തീരുമാനിക്കും.

കെപിസിസി അധ്യക്ഷ പദവിയടക്കം അതിൽ ചർച്ചയാകുമെന്നും സുധാകരൻ പറഞ്ഞു. രാഹുൽ ഗാന്ധി ഒഴിഞ്ഞാൽ വയനാട്ടിലേക്ക് കെ. മുരളീധരനെ പരിഗണിക്കുമെന്നാണ് പുറത്തുവരുന്ന വിവരം.

തൃശൂരിലെ ലോക്സഭാ തെരഞ്ഞെടുപ്പ് പരാജയത്തിൽ മുരളീധരനുണ്ടായ വിഷമം മാറ്റുകയാണ് കോൺഗ്രസ് നേതൃത്വത്തിൻറെ ലക്ഷ്യം. തൃശൂരിൽ സംഘടനാ രംഗത്ത് പാളിച്ചയുണ്ടായെന്നും കെ.സുധാകരൻ പറഞ്ഞു. തൃശൂരിലെ പരാജയത്തിനു പിന്നാലെ പൊതുരംഗത്തു നിന്ന് മാറി നിൽക്കുമെന്ന് മുരളീധരൻ പറഞ്ഞിരുന്നു.